UNSTARRED QUESTIONS POSTED FOR ANSWER ON 6-4-1955

ട്രാൻസ്പോർട്ട് ലൈൻ.

297. (A) [1] ശ്രീ. ഒ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദിയൻകുളങ്ങരനിന്നും ചെങ്കൽവഴി വെള്ളാങ്കോടുവരെ ട്രാൻസ്പോർട്ട് ലൈൻ ബീർഷിപ്പിക്കണമെന്നുള്ള നിവേദനങ്ങൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വെളിപ്പെടുത്താമോ ;

(സി) ഈ സാമ്പത്തികവർഷത്തിൽ തന്നെ പ്രസ്തുത ലൈൻ ഏറ്റെടുക്കുവാൻ ഗവണ്മെൻറ് തയാറാകുമോ ?

ഉത്തരം.

(എ) ഉണ്ട്.

(ബി. സി.) റോഡ് പരിശോധന ചെയ്തു. പക്ഷെ ഈ റോഡ് ഡിപ്പാർട്ടുമെൻറിലെ വലിയ വാഹനങ്ങൾ ഓടിക്കുന്നതിനു പറ്റിയതല്ലാത്തതിനാൽ ഈ ലൈൻ ഏറ്റെടുക്കുവാൻ സാദ്ധ്യമാകുമെന്നു തോന്നുന്നില്ല.

താമസസൗകര്യം.

298. [7] ശ്രീ. കെ. റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാർ അണ പൂർത്തിയാകുന്നതോടുകൂടി വീടും വസ്തുവകകളും നഷ്ടപ്പെടുന്ന നാന്നൂറിൽപരം കർഷകകുടുംബങ്ങൾക്ക് താമസത്തിനു വേറെ സ്ഥലവും മറ്റു സൗകര്യങ്ങളും ചെയ്തു കൊടുക്കണമെന്നു നിവേദനം കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു ?

ഉത്തരം.

(എ) നെയ്യാർ അണയുടെ പണിമൂലം വസ്തുവകകളും നഷ്ടപ്പെടുന്ന എതാനും പേരിൽനിന്നും പുതിയ ഭൂമി കിട്ടണമെന്നു ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) അനേഷിച്ചതിൽ വസ്തുവകകളും നഷ്ടപ്പെടുന്നവരിൽ 31 പേർക്കു മാത്രമേ വീടുവെയ്ക്കുവാൻ ഭൂമിയില്ലാത്തുള്ളുവെന്നു കാണുകയും അവർക്ക് ദേവികുളം-പീരുമേട് കാളനൈസേഷൻ പദ്ധതിയിൽ ഭൂമി കൊടുക്കുന്നതിനു തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

റോഡുപണി.

299 [13] ശ്രീ. പി. കെ. അബൂബക്കർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുകുന്ദപുരം താലൂക്കിലെ കരുപ്പടന്ന റോഡിനിന്നും കരുമാത്ര പടലായി എന്ന സ്ഥലത്തേയ്ക്ക് ഒരു റോഡുണ്ടാക്കുവാൻ നിവേദനങ്ങൾ കിട്ടിത്തുടങ്ങിയിട്ട് എത്ര കാലമായി;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പണി എപ്പോൾ തുടങ്ങും;

(സി) 'പിരിയൻചിറ' വീതികൂട്ടി ഒരു സ്ലൂയിസ് സഹിതം റോഡാക്കിത്തീർക്കുന്നതു് ഗതാഗതത്തിനും കൃഷിയ്ക്കും വലിയ സഹകരണമായിരിക്കയില്ലേ ?

ഉത്തരം.

(എ) ഏകദേശം ഏഴു കൊല്ലങ്ങളോളമായി.

(ബി) ബഡ്ജറിൽ തുക കൊള്ളിച്ചിട്ടില്ലാത്തതിനാൽ എപ്പോൾ തുടങ്ങുമെന്നു പറയുവാൻ നിവൃത്തിയില്ല.

(സി) ഉവ്വു്.

പ്രൈവറ്റ് അണക്കെട്ടുകൾ.

300. [19] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറിന്റെ മാനേജ്മെൻറിൽ കഴിഞ്ഞ പത്തുവർഷങ്ങളോളമായി ഇരുന്നുവരുന്ന ചിറ്റൂർ താലൂക്കിലെ പ്രൈവറ്റ് അണക്കെട്ടുകൾ മുന്നെണ്ണവും ഉടമസ്ഥന്മാർക്കുതന്നെ വിട്ടുകൊടുത്തതായി കേൾക്കുന്നതു് ശരിയാണോ ;

(ബി) അങ്ങനെയാണെങ്കിൽ അതിനു കാരണമെന്തു് ?

ഉത്തരം.

(എ) ശരിയാണു്.

(ബി) അണക്കെട്ടു ഉടമസ്ഥന്മാരുടെ ആവലാതിയെ പരിഗണിച്ചും ഗവണ്മെൻറ് മാനേജ്മെൻറ് തുടർന്നുകൊണ്ടുപോകേണ്ട അത്യാവശ്യമില്ലെന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടും.

റോഡു പണി.

301. [20] ശ്രീ. സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യത്തിനു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചിറയിൻകീഴു് താലൂക്കിൽപ്പെട്ട പള്ളിക്കൽ വെളിനല്ലൂർ റോഡിന്റെ പണി ആരംഭിക്കുന്നതിനു് നാട്ടുകാർ നിരവധി നിവേദനങ്ങൾ ഗവണ്മെൻറിനു് സമർപ്പിച്ചിട്ടും ഇതുവരെയും റോഡിന്റെ പണി ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണമെന്തു് ?

ഉത്തരം.

വർക്കു് കമ്മിറ്റി അംഗീകരിച്ചതിനുശേഷം പണി ആരംഭിക്കുന്നതാണു്.

റോഡുകൾ ടാറിട്ടു കിട്ടുന്നതിനുള്ള നിവേദനം.

302. [21] ശ്രീ. സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വക്കല മുതലുള്ള റോഡുകൾ ടാറിട്ടു കിട്ടുന്നതിനു് നാട്ടുകാർ ഗവണ്മെൻറിലേയ്ക്കു് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly